ഉത്തരം

മഞ്ചേശ്വരത്തെ ഒരു നോട്ടിഫൈഡ് തുറമുഖമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ ചാനലിലെ അടിഞ്ഞുകൂടുന്ന മണൽ മാനുവൽ ഡ്രഡ്ജിംഗ് മുഖേന നീക്കം ചെയ്ത് ചെറുബോട്ടുകൾക്ക് കയറാൻ പാകത്തിൽ ചാനലിന്റെ ആഴം നിലനിർത്തുന്ന പരിപാടി മാത്രമേ നടപ്പാക്കുന്നുള്ളൂ. തുറമുഖ നിർമ്മാണത്തിനായി നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല.

യൂത്ത് കോ-ഓർഡിനേറ്റർമാരുടെ നിയമനം

106 (1691) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് തലത്തിൽ യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയമിച്ചു കൊണ്ട് ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ടെങ്കിൽ അത്തരം ആളുകളുടെ യോഗ്യത എന്താണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) യോഗ്യതയിൽ എവിടെയെങ്കിലും ഇളവ് നൽകി നിയമനം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 18-നും 35-നും ഇടയ്ക്ക് പ്രായവും എസ്.എസ്.എൽ.സി. യുമാണ് യൂത്ത് കോ-ഓർഡിനേറ്റർമാരുടെ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്.

(സി) ഇല്ല.

വയനാട് ജില്ലയിലെ യുവജനകാര്യ പ്രവർത്തനങ്ങൾ

107 (1692) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ യുവജന ക്ഷേമ പരിപാടികൾക്കായി വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്കുതല വിശദാംശം വ്യക്തമാക്കുമോ ;

(ബി) യുവജനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച പുതിയ പരിപാടികളിൽ ഏതെല്ലാം പരിപാടികളാണ് വയനാട് ജില്ലയിൽ നടപ്പിലാക്കിയത് ;

(സി) യുവജനകാര്യ വകുപ്പുവഴി വയനാട് ജില്ലയിൽ പരിഗണനയിലുള്ള പരിപാടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly